# ഗവ: യു പി സ്കൂൾ വെളിയനാട്

## അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

### അക്കാദമിക മാസ്റ്റർപ്ലാൻ - ഗണിതം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടികൾക്ക് കൈകാര്യം ചെയ്യാൻ കഴിയേണ്ടത് ആവശ്യമാണ് എന്ന തിരിച്ചറിവിലൂടെയാണ് പല രീതികളും നിലവിൽ വന്നിട്ടുള്ളത്.അപ്രകാരം നിലവിൽ വരുത്തിയ ഒരു പദ്ധതിയാണ് **"ഉല്ലാസ ഗണിതം"**.ഓരോ പഠന നേട്ടവും ഗണിതാശയങ്ങൾ കൂടി ഉൾക്കൊണ്ടു കൊണ്ടായിരിക്കണം എന്നതാണ് ലക്ഷ്യമിടുന്നത്.അതിനൊരു മാർഗ്ഗരേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ.ഗണിതം താല്പര്യത്തോടെ സമീപിക്കുവാൻ ഉതകുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

*രണ്ടാം ക്ലാസ് തലത്തിൽ ഒരു കുട്ടിയെ 100 വരെയുള്ള സംഖ്യ ബോധം,സംഖ്യവ്യാഖ്യാനം,ക്രിയാ ശേഷികൾ എന്നിവ ഉറപ്പിക്കൽ

*മേല്പറഞ്ഞവ എല്ലാ കുട്ടികളും നേടിയെടുക്കുക എന്ന ലക്ഷ്യം.

*ഗണിതകിറ്റുകൾ ഉപയോഗിച്ച് ഗണിതാശയങ്ങൾ നേടിയെടുക്കുകയും ഉറപ്പിക്കുകയും ചെയ്യുക.

*ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നതിനും എഴുതുന്നതിനുമുള്ള ശേഷി നേടുക (100 ൽ താഴെ)

*വ്യത്യസ്ത സങ്കലന രീതികളും ക്രിയാ ശേഷികളും ഉറപ്പിക്കുക.

*പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിനുള്ള ശേഷി നേടുക.

## മുന്നൊരുക്കം

കുട്ടി നേടിയ ഗണിത ശേഷികൾ പരിശോധിച്ചറിയുന്നു.തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| *1,2,3,4,_,_,_<br>1,3,5,7,_,_,_<br>10,20,30,40,_,_,_<br>5,10,15,20,_,_,_<br>2,4,6,8,_,_,_,_തുടങ്ങിയ പാറ്റേണുകളിലെ സംഖ്യ ബോധം കണ്ടെത്തൽ.<br>*ഒരു സംഖ്യയോട് 1 കൂട്ടിയാൽ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടുമുൻപുള്ള സംഖ്യയും കിട്ടും എന്നുള്ള തിരിച്ചറിവ് സൃഷ്ടിക്കൽ. | ജൂൺ |
| *ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ ഉള്ള മറ്റൊരു കൂട്ടം ചേർത്ത് ആദ്യയിനത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം കണ്ടെത്തൽ.<br>*ഗണിത കിറ്റ് ഉപയോഗിച്ച് ഗണിത ശേഷികൾ ഉറപ്പിയ്ക്കാൻ സഹായിക്കുകയും രക്ഷിതാക്കളെ ബോധവൽക്കരിക്കുകയും ചെയ്യുന്നു. | ജൂലൈ |

| | |
|---|---|
| *പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ<br>[5+5=10,10+10=20] | |
| *വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>*സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ<br>99 നോട് 1 കൂട്ടിയാൽ 100<br>10 പത്തുകൾ ചേർന്നാൽ 100<br>100 ഒന്നുകൾ ചേർന്നതാണ് 100<br>*സംഖ്യകളെ പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്തുന്ന തരത്തിലുള്ള അധിക പ്രവർത്തനങ്ങൾ കണ്ടെത്തൽ | ആഗസ്റ്റ് |
| *രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശനങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br>[രണ്ടക്ക സംഖ്യയിൽ നിന്ന് ഒരക്ക സംഖ്യയുടെ വ്യവകലനം<br>രണ്ടക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനവും വ്യവകലനവും]<br>*സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.<br>*പുതിയ സംഖ്യ പാറ്റേണുകൾ രൂപീകരിക്കുകയും,പാറ്റേണിലെ സംഖ്യകൾ തമ്മിലുള്ള നിശ്ചിത ബന്ധം തിരിച്ചറിഞ്ഞു പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു,ഉറപ്പിക്കുന്നു.<br>*ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>*വിലവിവരപ്പട്ടിക തയ്യാറാക്കൽ | സെപ്റ്റംബർ , ഒക്ടോബർ |

| | |
|---|---|
| *ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ (ക്ലാസ്സിലൊരു കട) | |
| *സ്ഥാനവില തിരിച്ചറിയൽ (ഒന്നുകൾ, പത്തുകൾ)<br>*കളിനോട്ടുകൾ ഉപയോഗിച്ചുള്ള വ്യാഖ്യാന രീതികൾ.<br>*നോട്ടുകളും നാണയങ്ങളും തിരിച്ചറിയുകയും അവ ചേർത്ത് സംഖ്യ രൂപീകരണവും<br>[10 രൂപ +5 രൂപ =15 രൂപ]<br>{നോട്ട് നാണയം}<br>*നേടിയ സംഖ്യ ബോധ തിരിച്ചറിവിൽ സംഖ്യാ വ്യാഖാനം ഉറപ്പിക്കൽ.<br>*സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്,അബാക്കസ് എന്നിവ നിർമ്മിക്കൽ.<br><br>*രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്തുന്നതിനായി വ്യത്യസ്ത രീതികൾ പ്രയോഗിക്കുന്നു.<br>*വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>പട്ടിക അപഗ്രഥനം<br>വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>പട്ടിക അപഗ്രഥനം<br>വിവരങ്ങളുടെ ക്രോഡീകരണം<br>പട്ടികപ്പെടുത്തൽ<br>പ്രശ്നനിർദ്ധാരണം<br>*സങ്കലന-വ്യവകലന പ്രശനങ്ങൾ ഒരുമിച്ച് ചേർന്നിട്ടുള്ള പ്രായോഗിക ഗണിത പ്രശനങ്ങളുടെ | ഡിസംബർ<br><br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് |
| | |

| | |
|---|---|
| നിർദ്ധാരണം.<br>*ഗണിതാലാപനത്തിലൂടെ ഗണിത പഠനവും പ്രശ്നപരിഹരണവും ഉറപ്പിക്കൽ.<br>*കലണ്ടറുകൾ വിശകലനം ചെയ്യുന്നു.താരതമ്യം ചെയ്യുന്നു.കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ എന്നിവ കണ്ടെത്തുന്നു.<br>* പ്രായോഗിക ഗണിത പ്രവർത്തനങ്ങൾ നേടിയ ഗണിതാശയങ്ങളിലൂടെ പൂർത്തീകരിക്കാൻ കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. | |

## ക്ലാസ് 2

ഭാഷാവികാസം,വൈജ്ഞാനിക മേഖല, സർഗാത്മക മേഖല,വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടികളുടെ നിലവിലെ അവസ്ഥ പരിഗണിച്ചാണ് ക്ലാസ്സ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

അവസ്ഥാ വിശകലനത്തിലൂടെ ഭാഷയിലും ഗണിതത്തിലും കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

*കുട്ടികൾക്ക് വാചികമായി ഭാഷ പ്രയോഗിക്കാനുള്ള കഴിവ് കുറവാണ്.
*രണ്ടാം ക്ലാസ്സ് ആരംഭത്തിൽ ഉണ്ടായിരിക്കേണ്ട രചനാ നിലവാരത്തിലേക്ക് കുട്ടികൾ എത്തിയിട്ടില്ല.
*ലേഖനത്തിൽ തെറ്റുകൾ ധാരാളമായി കാണുന്നു.(ഭാഷാപരം) ജൈവ വായന മെച്ചപ്പെടേണ്ടതാണ്.

*സർഗാത്മക പ്രവർത്തനങ്ങളിൽ പങ്കാളിത്തം കുറവാണ്.
സംഖ്യാ ബോധവും ക്രിയാശേഷിയും എല്ലാ കുട്ടികൾക്കും നേടാനായിട്ടില്ല.

## അക്കാദമിക മാസ്റ്റർപ്ലാൻ -പ്രവർത്തന ലക്ഷ്യങ്ങൾ

*രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

*രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക

*എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

*വർഷാവസാനം സ്വതന്ത്ര രചനകളിലേർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

*കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക.

*രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം സംഖ്യാ വ്യാഖ്യാന ശേഷി വളർത്തുക.

## മുന്നൊരുക്കം

*രണ്ടാം ക്ലാസ്സിലെത്തിയ കുട്ടികളുടെ വിവരങ്ങൾ അടങ്ങിയ പ്രൊഫൈൽ തയ്യാറാക്കുന്നു.

*കുട്ടിയുടെ നിലവിലെ അവസ്ഥ,കഴിവുകൾ പരിമിതികൾ,എന്നിവ രേഖപ്പെടുത്തി ഓരോ മാസവും രക്ഷിതാവിന്റെ അക്കാദമിക പിന്തുണ ലഭ്യമാക്കുന്നതിന് അവസരമുണ്ടാക്കുന്നു.

*അക്കാദമിക മാസ്റ്റർപ്ലാൻ നിർവ്വഹണത്തിൽ ക്ലാസ് പി ടി എ അംഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നു.

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദര്ഭത്തിനനുസരിച്ച സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | **ചിത്ര വായന**<br>ചിത്ര കാർഡ് നിർമ്മാണം - ശില്പശാല<br>(ചിത്രവും പദങ്ങളും ഉൾക്കൊണ്ടത്)<br>രക്ഷിതാക്കളുടെയും പ്രാദേശിക വിദഗ്ധരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു_തുടർന്ന് അവതരണം.<br>വായനയ്ക്കും ഭാഷണത്തിനുമുള്ള ക്ലാസ്സ്തല അവസരങ്ങൾ<br>മേനിപറച്ചിൽ<br>കഥ ഊഹിച്ച പറയൽ<br>റോൾപ്ലേ<br>കഥ പൂർത്തിയാക്കൽ<br>(പറയലും എഴുതലും)<br>ചമഞ്ഞുകളി<br>ലഘുനാടകങ്ങൾ<br>പാവനാടകം<br>ചിത്ര വായന ട്രൈഔട്ട്<br>-അവതരണം<br>കാർഡുകളുടെ ഭാഷണത്തിനുള്ള | ജൂൺ ആദ്യവാരം<br><br>ജൂലൈ ആദ്യവാരം മുതൽ |

| | | |
|---|---|---|
| | സാധ്യത<br>*രക്ഷിതാക്കളുടെ ഭാഷണത്തിനുള്ള വീട്ടിലെ അവസരങ്ങളിൽ രക്ഷിതാവിന്റെ സഹായത്തോടെ ചെയ്യുന്നു.<br>*രക്ഷിതാക്കൾക്ക് നേരിട്ട് ഇടപെടാൻ കഴിയാത്ത കുട്ടികൾക്ക് അദ്ധ്യാപിക നേരിട്ട് പിന്തുണ നൽകുന്നു.<br>*ഭാഷണത്തിനുള്ള പൊതുവേദി ഒരുക്കൽ -കുട്ടികളുടെ സന്ദർഭോചിതമായ അവതരണം.<br>*ഭാഷണത്തിലും വായനയിലും കുട്ടി എത്തി നിൽക്കുന്ന തലം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>*പങ്കാളിത്ത പാഠങ്ങൾ തയ്യാറാക്കൽ(ചിത്രം,വീഡിയോ എന്നിവ പ്രദർശിപ്പിച്ച ചോദ്യങ്ങളിലൂടെ) | |
| കുട്ടികളുടെ ആശയ ഗ്രഹണ വായന ഉറപ്പാക്കുക | *ക്ലാസ്സ് ലൈബ്രറി പ്രവർത്തനമാക്കൽ<br>*രക്ഷിതാക്കളുടെ സഹായത്തോടെ രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കനുയോജ്യമായ | ജൂലൈ അവസാന വാരം |

| | | |
|---|---|---|
| | പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.<br>*കുട്ടികളുടെ പുസ്തക പരിചയം പരിപാടി<br>*വായിച്ച കഥയെ ചിത്ര കഥകളാക്കൽ<br>*കഥയെ സംഭാഷണമാക്കൽ<br>*വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>*വായിച്ച കഥകളുടെ രംഗാവിഷ്ക്കാരം നടത്തൽ.<br>*പുസ്തകത്തിന്റെ ആസ്വാദ്യവായന.<br>*വീട്ടുലൈബ്രറി എന്ന ആശയം സാക്ഷാത്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾ. | |
| വർഷാവസാനം സ്വന്തന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | *വായിച്ച പുസ്തകങ്ങളിലെ കഥാപാത്രങ്ങളെ ചിത്രീകരിച് വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കൽ.<br>*കഥാപൂരണം_ മിശ്ര പഠനരീതിയുടെ സാധ്യത<br>*ഓഡിയോ ടെക്സ്റ്റ് ഗ്രൂപ്പിൽ നൽകി കഥയുടെ ബാക്കി ഭാഗം അവതരിപ്പിക്കുന്നു.<br>*പങ്കാളിത്ത പാഠങ്ങൾ | ഓഗസ്റ്റ് |

| | | |
|---|---|---|
| | *ചിത്ര വിവരണം | |
| കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക. | *പാട്ടരങ്ങ്<br>*പ്രകൃതി നടത്തം -യാത്രാ വിവരണം<br>*ഭാഷണം -ലേഖനം<br>*വായിച്ച പുസ്തകങ്ങളിലെ ആശയം ഇഷ്ടമുള്ള രീതിയിൽ രംഗാവിഷ്ക്കാരം നടത്തൽ. | ജൂലൈ<br><br>സെപ്റ്റംബർ |
| രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യളെ വ്യാഖാനിക്കാനുള്ള ശേഷി എന്നിവ വളർത്തുക | *ഉല്ലാസഗണിതം -പദ്ധതിയിലെ 1,2 ക്ലാസ്സുകളിലെ പഠന സാമഗ്രികൾ യഥാവിധം പ്രയോജനപ്പെടുത്തുന്നു.<br>*പാഠഭാഗവുമായി ബന്ധിപ്പിച് അവ ഉപയോഗപ്പെടുത്തുന്നു.<br>*രക്ഷിതാക്കൾക്കായി ട്രൈഔട്ട് ശില്പശാല നടത്തുന്നു.<br>*ഗണിതകിറ്റിലെ പഠനോപകരണങ്ങൾ (ഗെയിം ബോർഡ്,സംഖ്യകാർഡ്,ചിത്രകാർഡ്,ടോക്കൺ,മഞ്ചാടി,കമ്പ് കെട്ട് എന്നിവ)ഗണിതാശയ രൂപീകരണത്തിന് അധ്യാപിക ക്ലാസ്സിൽ ചെയ്ത് വീഡിയോ ആക്കി രക്ഷിതാക്കളുടെ ഗ്രൂപ്പിൽ ഇടുന്നു.<br>*സമാനമായ പ്രവർത്തനങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കാൻ രക്ഷിതാക്കളെ അറിയിക്കുകയും | ഒക്ടോബർ മുതൽ |

| | | |
|---|---|---|
| | അവർ ചെയ്യിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. | |

# അക്കാദമിക മാസ്റ്റർപ്ലാൻ

## <u>ക്ലാസ്സ് 1</u>

**ലക്ഷ്യങ്ങൾ**

ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

**ജൂൺ**

ടീച്ചറും രക്ഷിതാക്കളും പറഞ്ഞുകേട്ട കഥയിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.

**ജൂലൈ**

ടീച്ചറും,രക്ഷിതാക്കളും പുസ്തകങ്ങൾ (കഥ)ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.ക്ലാസ്സ് ലൈബ്രറി ശക്തമാക്കുന്നു.

**ഓഗസ്റ്റ്**

ചിത്ര വായന നടത്തുന്നു.പ്രസക്ത ഭാഗങ്ങൾ കൂട്ടുകാരുമായി പങ്കുവയ്ക്കുന്നു.വാചികമായി പ്രകടിപ്പിക്കുന്നു.

**സെപ്തംബർ**

ലളിതമായ ചിത്രങ്ങൾ നൽകുന്നു.ചിത്രത്തിലുള്ളവ കുട്ടികൾ എഴുതുന്നു.

**ഒക്ടോബർ**

ലളിതമായ വായന കാർഡുകൾ വായിക്കുന്നു.കുട്ടിയുടെ സ്വതന്ത്രമായ കഥ പറയൽ.

**നവംബർ**

ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും,രക്ഷിതാക്കളും എഴുതുന്നു.കുട്ടി സഹായത്തോടെ വായിക്കുന്നു.

**ജനുവരി**

ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.കുട്ടികൾ വായിക്കുന്നു.വായനാകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുക.

**ഫെബ്രുവരി**

ചെറിയ,ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ്സ് ലൈബ്രറിയിൽ ഒരുക്കുന്നു.കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

**മാർച്ച്**

ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു.സചിത്ര പുസ്തകങ്ങൾ വായിക്കുന്നു.നവമാധ്യമങ്ങളിൽ പങ്കിടുന്നു.എല്ലാ മാസവും തത്സമയ നിർമ്മിതികൾ വായിക്കൽ.

ക്ലാസ്സ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം നൽകുന്നു.

# ACADEMIC MASTER PLAN_STD 4

## ENGLISH

AIM: To speak, read and write English without any mistake.

Time: June to March

Pretest: To check the vocabulary and writing skills of pupils.

## JUNE AND JULY

To develop listening skills and reading skills

**Listening skills**

1 Games action songs Hello English activities
2 Conversation skit stories
3 use ICT

**Speaking skills**

1. Identify the naming words from the picture
2. Identify the action words from the same picture
3. Make simple sentences using the action word and naming words about the picture.
4. Make simple description about the picture

5. Growing sentences picture reading self introduction assembly are also conducted.

**Activities**

speech, book review, quiz, riddles, self introduction, school radio etc..

## AUGUST AND SEPTEMBER

Develop the creative speaking and writing reading skills

1. News paper reading, library books reading, book review, reading breaking news.
2. Find words
3. Collect and read past tense
4. Rhyming words
5. Describing words
6. Text book activities

**writing skills**

1. Make word web
2. Picture description with describing words
3. Word chain sentence chain
4. Make words and sentence
5. Make riddles, conversations
6. Add more lines

**Activities**

Speech, book review, quiz, riddles, self introduction, makes description, magazines etc.

## OCTOBER AND NOVEMBER

To express thoughts feelings etc..

**Reading skills**

1. Newspaper reading, library books reading, book review reading
2. Conversations, skit stories use ICT materials
3. Reads breaking news
4. Develop story
5. Read notice

**writing skills**

1. Descriptions
2. Notice -proclamation
3. Thoughts

**Activities**

Speech, quiz, riddles, school radio, make magazines, skit etc.

## DECEMBER AND JANUARY

1. Develop the creative speaking and writing
2. To express thoughts feelings etc.

**Reading skills**

1. Newspaper reading, library book reading
2. Conversations, skit stories using ICT materials
3. Develop story
4. Reads diary
5. Reads letters from friends

**Writing skills**

1. Diary
2. Letters
3. Announcement

**Activities**

Speech, quiz, riddles, makes magazines, skit, class room, post office etc.

## FEBRUARY AND MARCH

To improve the presentation power.

**Reading skills**

Same as the previous month.

**writing**

Same as the previous month.

**activities**

Speech, quiz, make magazines, exhibitions etc.

## അക്കാദമിക മാസ്റ്റർപ്ലാൻ ഗണിതം _ക്ലാസ്സ് 3

**ലക്ഷ്യം:**ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കുക.മുഴുവൻ കുട്ടികൾക്കും ഗണിത ശേഷി ഉറപ്പാക്കുക.

**ശേഷികൾ:**1000 വരെയുള്ള സംഖ്യാബോധം - സങ്കലനം,വ്യവകലനം,ഗുണനം.

**സമയം** -ജൂൺ മുതൽ മാർച്ച് വരെ

**പ്രവർത്തനങ്ങൾ**

*മൂർത്ത വസ്തുക്കൾ (ഈർക്കിൽ,മഞ്ചാടി,മുത്ത്)ഉപയോഗിച്ച് എണ്ണൽ കെട്ടുകളാക്കൽ,കൂട്ടങ്ങളാക്കൽ.

*അബാക്കസ്,സ്ഥാനവില പോക്കറ്റ്,കളിനോട്ടുകൾ,സംഖ്യാ റിബ്ബൺ,എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ.

*സങ്കലനം -മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നം നിർദ്ധാരണം ചെയ്യൽ.

*എടുത്തു മാറ്റം

*പാമ്പും കോണിയും

*ജിബ്സം ബോർഡ്

*അരവിന്ദ് ഗുപ്ത സ്ട്രിപ്പ്

*സംഖ്യാ ചക്രം

*മുത്ത് കോർക്കൽ

*സംഖ്യാ കാർഡ് കളി

കുട്ടികളിൽ സങ്കലനം,വ്യവകലനം,ഗുണനം,ഹരണത്തിന്റെ പ്രാഥമിക കാര്യങ്ങൾ എന്നിവ ഉറപ്പിക്കുന്നു.

## പരിസരപഠനം ക്ലാസ് 4

**ലക്ഷ്യങ്ങൾ**

*ലഘു പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ശാസ്ത്രത്തിന്റെ രീതി തിരിച്ചറിയുന്നു.

*എല്ലാ കുട്ടികൾക്കും ശാസ്ത്ര പഠന നേട്ടങ്ങൾ ഉറപ്പുവരുത്തുക

*സമഗ്രവും ശാസ്ത്രീയവുമായ നിരന്തര വിലയിരുത്തൽ തന്ത്രങ്ങൾ സ്വീകരിക്കുകയും പഠന വിടവ് പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ പ്രാവീണ്യം നേടുക

*ICT പഠന വിഭവങ്ങൾ പഠന പ്രവർത്തനങ്ങളിൽ കൃത്യമായി ഉപയോഗിക്കുക.

*പൊതു വിദ്യാലയങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി അവയെ ആകർഷകമാക്കുക.

**എടുത്ത തീരുമാനങ്ങൾ**

*എല്ലാ യൂണിറ്റിലും വേണ്ട പഠനോപകരണങ്ങൾ നിർമ്മിക്കാനാവശ്യമായ സാമഗ്രികൾ ക്ലാസ്സ് ലാബിൽ ശേഖരിച്ചു സൂക്ഷിക്കണം.

*പഠന സാമഗ്രികളുടെ നിർമ്മാണത്തിൽ എല്ലാ കുട്ടികളുടെയും അവരുടെ രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കണം.

**വിലയിരുത്തലും തുടർ പ്രവർത്തനങ്ങളും**

നിരന്തര വിലയിരുത്തലും പിന്തുണയും നൽകുന്നതിന്റെ ഭാഗമായി പിന്തുണ സാമഗ്രികൾ തയ്യാറാക്കുന്നതിനുള്ള സഹായവും നൽകുക.ഭിന്നശേഷിക്കാരുണ്ടെങ്കിൽ അവരെക്കൂടി പരിഗണിക്കുക.

## ഗണിതം ക്ലാസ്സ് 4

**ലക്ഷ്യങ്ങൾ**

*പഠന നേട്ടങ്ങളുടെ വ്യാപ്തിയും പരസ്പരബന്ധവും തിരിച്ചറിഞ്ഞു അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ഒരുക്കുന്നതിന്.

*ഗണിത പഠനത്തിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ/ പഠന വിടവ് പരിഹരിക്കുന്നതിനാവശ്യമായ പ്രായോഗിക രീതി കണ്ടെത്തുന്നു.

*ഗണിത വിജയം പ്രവർത്തനങ്ങളെക്കുറിച്ചു ധാരണ കൈവരിക്കുന്നതിന്.

*ക്ലാസ്സ് ഗണിതലാബ് ഒരുക്കുന്നതിന്.

*ഗണിത ബോധനത്തിൽ അനുരൂപീകരണം,നിരന്തര വിലയിരുത്തൽ,അനുയോജ്യമായ പഠനോപകരണങ്ങൾ എന്നിവ ഉൾപ്പെടുത്തി ഫലപ്രദമായ സൂക്ഷമതലാസൂത്രണം നടത്തുന്നതിന്.

*ഗണിത പഠനത്തിൽ കുട്ടികളിൽ താല്പര്യമുണർത്തി ഗണിതശായ രൂപീകരണം ഫലപ്രദമാക്കുന്നതിന്.

**എടുത്ത തീരുമാനങ്ങൾ**

*ഓരോ യൂണിറ്റിനും വേണ്ടി പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.

*ഗണിതത്തിലെ പഠന വിടവ് കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

*ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

*യുക്തിചിന്ത വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ അസൂത്രം ചെയ്യുക (TB,HB ഉപയോഗിച്ച്)

*ഗണിത ലാബിലേക്കാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.

**വിലയിരുത്തലും തുടർ പ്രവർത്തനങ്ങളും**

*എല്ലാ പഠന നേട്ടങ്ങളും നേടി എന്ന് ഉറപ്പുവരുത്തുന്നതിനായി നിരന്തര മൂല്യനിർണ്ണയം നടത്തുകയും ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി ഗണിത ലാബിലെ പഠന സാമഗ്രികൾ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

രൂപപ്പെട്ട ഉൽപ്പന്നങ്ങൾ,വിന്യാസം,പുനരുപയോഗം,

*പുനരുപയോഗ സാധ്യതയ്ക്ക് ഉതകുന്ന രീതിയിൽ പഠനോപകാരങ്ങൾ തയ്യാറാക്കുന്നു.

*കുട്ടികൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ.

**മറ്റ് സവിശേഷതകൾ**

രക്ഷിതാക്കളുടെ സഹായത്തോടെ ഗണിത ലാബ് തയ്യറാക്കുന്നു.

## യു പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1)ഭാഷയുടെ അടിസ്ഥാനശേഷി വികസനം,പദ സമ്പത്ത് വളർത്താനും ആശയ സംവേദനം വളർത്താനും. | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കുറിക്കുന്നു.കഥ,കവിത വിവരണം അനുഭവം എന്നിങ്ങനെ ഈ പ്രവർത്തനത്തിലൂടെ കണ്ടെത്തിയ കുട്ടികളെ ഗ്രൂപ്പ് ആക്കുന്നു.അക്ഷരങ്ങളും പദങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു. | ജൂൺ<br>ജൂൺ/ ജൂലൈ മാസം | മലയാളം അധ്യാപകൻ |

| | | | |
|---|---|---|---|
| 2)അർത്ഥപൂർണ്ണ മായ വായന ഉറപ്പു വരുത്തുന്നു. | ചെറു കഥകൾ കവിതകൾ പത്രം,ആഴ്ചപ്പതിപ്പ്,മാസികകൾ,എന്നിവ കുട്ടികൾ വായിക്കുകയും കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.മികച്ച കുറിപ്പുകൾ പതിപ്പാക്കുന്നു. | ജൂൺ മുതൽ എല്ലാ ദിവസവും | മലയാളം അധ്യാപകൻ |
| 3)ഉച്ചാരണശുദ്ധി ഉറപ്പുവരുത്തുക. | പത്രവായന ക്ലാസ്സിൽ നടത്തുന്നു.വാർത്തകൾ നവ മാധ്യമങ്ങളുടെ സഹായത്താൽ അവതരിപ്പിക്കുന്നു.അതാതു മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്,സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥനമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ മാസവും | മലയാളം അധ്യാപകൻ |
| 4)സാഹിത്യ കൃതികളോടും സാഹിത്യകാര ന്മാരോടുമുള്ള അനുകൂല മനോഭാവം | എല്ലാ സാഹിത്യകാരന്മാരെയും ദിനാചരണങ്ങളുടെ ഭാഗമായി പരിചയപ്പെടുത്തുന്നു.അവരുടെ കൃതികൾ പരിചയപ്പെടുത്തുന്നു.കുട്ടി | വർഷാവസാനം | മലയാളം അധ്യാപകൻ |

| | | | |
|---|---|---|---|
| വളർത്തുകയും സർഗാത്മക ശേഷി വളർത്തലും.<br><br>5)കുട്ടികളുടെ കലാവാസനക ളെ പ്രോത്സാഹിപ്പി ക്കുന്നതിന് | കളുടെ സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മാഗസിൻ തയ്യാറാക്കുന്നു.<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ നാടകങ്ങൾ എന്നിവ അവതരിപ്പിക്കാൻ അവസരം.മുള,മറ്റ് നാടൻ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് നാടൻപാട്ട് സംഘടിപ്പിക്കുന്നു.വിദഗ്ധ കലാകാരന്മാരെ പങ്കെടുപ്പിച്ചു ശിൽപ്പശാല നടത്തുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകൻ |